## വൈദ്യുതി തടസ്സത്തിന് പരിഹാരനടപടികൾ

65 (450) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നഗരത്തിൽ അനുഭവപ്പെടുന്ന വൈദ്യുതി തടസ്സത്തിന് പരിഹാരം കാണുന്നതിന് നടപടികൾ ആവശ്യപ്പെട്ട് സമർപ്പിച്ച നിവേദനങ്ങൾ (450/വി. ഐ.പി. /2015 പി(പവർ), 488 വി. ഐ. പി./2015 എം.(പവർ) കെ.എസ്. ഇ. ബി. കോഴിക്കോട് ഇലക്ട്രിക്കൽ സർക്കിൾ ട്രാൻസ്മിഷൻ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ ലഭിച്ചത് എന്നാണ്; വിശദമാക്കാമോ;

(ബി) ഈ നിവേദനങ്ങളിൽ/ഹയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) ഈ വിഷയത്തിൽ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ റിപ്പോർട്ടുകൾ നൽകിയിട്ടുണ്ടെങ്കിൽ പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പുകൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) 488 വി.ഐ.പി./2015/എം (പവർ) നമ്പർ നിവേദനം ചീഫ് എഞ്ചിനീയർ (ട്രാൻസ്മിഷൻ-നോർത്ത്)ഓഫീസിൽ 8/2015-ൽ ലഭ്യമായിട്ടുണ്ട്. 450/ വി.ഐ.പി/ 2015 പി (പവർ), നമ്പർ നിവേദനം പ്രസരണ വിഭാഗത്തിൽ ലഭിച്ചതായി കാണുന്നില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) 110 കെ.വി. കൊയിലാണ്ടി സബ്സ്റ്റേഷനിലെ ഒരു 10 MVA ട്രാൻസ്ഫോർമർ മാറ്റി 20 MVA ട്രാൻസ്ഫോമർ സ്ഥാപിച്ച് സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. കൊയിലാണ്ടി ഫീഡറിൽനിന്നുള്ള തുടർച്ചയായ വൈദ്യുതി തടസ്സങ്ങൾ ഒഴിവാക്കുന്നതിനായി കൊയിലാണ്ടി ടൗൺ പ്രദേശത്തേക്ക് സബ്സ്റ്റേഷനിൽ നിന്ന് ഓവർഹെഡ് ലൈൻ നിർമ്മിച്ചോ ഭൂഗർഭ കേബിൾ വഴിയോ വൈദ്യുതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ വിതരണ വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പ്രസ്തുത വിഷയത്തെ സംബന്ധിച്ച് ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ, ട്രാൻസ്മിഷൻ സർക്കിൾ, കോഴിക്കോട്, ചീഫ് എഞ്ചിനീയർ (ട്രാൻസ്മിഷൻ-നോർത്ത്) കോഴിക്കോടിന് 14-10-2015-ൽ നൽകിയ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly